# പതിമൂന്നാം കേരള നിയമസഭ

## എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3338 — 09.04.2013ൽ മറുപടിയ്ക്ക്

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കോളേജുകൾ**

| ചോദ്യം<br>ശ്രീ.എം.ഹംസ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എഞ്ചിനീയറിംഗ് കോളേജുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിലെ ബിരുദ കോഴ്സുകൾക്കും, എറണാകുളത്തെ മോഡൽ എഞ്ചിനീയറിംഗ് കോളേജിലെ ബിരുദാനന്തര കോഴ്സുകൾക്കും ദേശീയ അധികാര പ്പെടുത്തൽ സമിതിയുടെ (NBA) അധികാരപ്പെടുത്തൽ ലഭിച്ചു. അതിന്റെ പുനർ സാധൂകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. TEQIP -ന്റെ ഒന്നാംഘട്ടം ഐ.എച്ച്.ആർ.ഡി യുടെ എറണാകുളത്തും ചെങ്ങന്നൂരുമുള്ള രണ്ട് എഞ്ചിനീയറിംഗ് കോളേജുകളിൽ നടപ്പാക്കിക്കഴിഞ്ഞു. TEQIP ന്റെ രണ്ടാംഘട്ടം ഐ.എച്ച്.ആർ. ഡി.യുടെ ചേർത്തല, കരുനാഗപ്പള്ളി, അടൂർ എന്നിവിട ങ്ങളിലുള്ള മൂന്ന് എഞ്ചിനീയറിംഗ് കോളേജുകൾക്ക് ലഭിച്ചു.അപ്ലൈഡ് സയൻസ് കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും പുതിയ ബിരുദ ബിരുദാനന്തര കോഴ്സുകൾ തുടങ്ങാനുള്ള അനുമതി നൽകിയിട്ടുണ്ട്. |

(ബി) ഐ.എച്ച്.ആർ:ഡി യുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഭൌതിക സാഹചര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജിലെ കെട്ടിടങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി നബാർഡിന്റെ (NABARD) ധനസഹായത്തോടെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ മൂന്ന് എഞ്ചിനീയറിംഗ് കോളേജുകൾക്ക് 10 കോടി രൂപാ TEQIP -ന്റെ ഭാഗമായി ധനസഹായം ലഭിച്ചിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി യുടെ പോളിടെക്നിക്കുകളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി MHRD യുടെ ധനസഹായത്തോടെ കെട്ടിട നിർമ്മാണവും ലബോറട്ടറികളുടെ നവീകരണവും നടന്നുവരുന്നു. കോളേജ് ഓഫ് അപ്ലൈഡ് സയൻസുകളുടേയും, സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് ഉപയോഗപ്പെടുത്തി ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകളുടെയും ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. ഐ.എച്ച്.ആർ.ഡി യുടെ ഹെഡ് ക്വാർട്ടേഴ്സിന് അനുവദിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിൽ ഐ.എച്ച്.ആർ.ഡി കോളേജ് ആരംഭിക്കുവാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് പറയാമോ; വിശദാംശം നൽകാമോ?

(സി) ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിൽ ഐ.എച്ച്.ആർ.ഡി. കോളേജ് ആരംഭിക്കുവാനുള്ള സൈറ്റ് പ്ലാൻ ഐ.എച്ച്.ആർ.ഡി.-യ്ക്ക് ലഭിച്ചിരുന്നു. എന്നാൽ ഐ.എച്ച്.ആർ.ഡി.യുടെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ തുടർനടപടികളുമായി മുന്നോട്ട് പോകുവാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ